നം.2548/ഒപ്പീനിയൻ ഇ 2/2019/നിയമം

നിയമ (ഒപ്പീനിയൻ ഇ) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1751** **05.02.2019-ൽ മറുപടിക്ക്**

**മുസ്ലീം വ്യക്തി നിയമം**

**ചോദ്യം**

ശ്രീ. എ. പി. അനിൽകുമാർ

**ഉത്തരം**

ശ്രീ. എ. കെ. ബാലൻ
(പട്ടിക ജാതി, പട്ടിക വർഗ്ഗ,
പിന്നാക്ക സമുദായ ക്ഷേമവും,
നിയമവും, സാംസ്കാരികവും,
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ. മുസ്ലീം വ്യക്തി നിയമത്തിന്റെ (ശരിയത്ത്) ചട്ടം രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടോ; | 21.12.2018 തിയതിയിലെ 3224-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ സർക്കാർ ഉത്തരവ് G.O. (P) No.13/ 2018/നിയമം (S.R.O 920/2018) ആയി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| ബി. പ്രസ്തുത വിജ്ഞാപനം പ്രകാരം ശരിയത്ത് നിയമത്തിന്റെ ആനുകൂല്യം വേണ്ടവർ തഹസിൽദാർ മുമ്പാകെ താൻ മുസ്ലീമാണെന്ന തെളിയിക്കുന്ന രേഖകൾ സഹിതം സത്യവാങ്മൂലം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | 1937-ലെ ദി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ ആക്റ്റിലെ (1937-ലെ 26-ാം നമ്പർ കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള വിഷയ-ങ്ങളിൽ കക്ഷികൾ മുസ്ലീങ്ങൾ ആണെങ്കിൽ അവർക്ക് 'ശരിയത്ത് ' അഥവാ മുസ്ലീം വ്യക്തി നിയമമാണ് ബാധകമാകേണ്ടതെന്ന് വ്യക്തമാക്കുന്നു. അതായത്, ശരിയത്ത് നിയമത്തിന് അതിപ്രഭാവം നൽകി |

| | |
|---|---|
| | ഏകീകൃതമായ തരത്തിൽ എല്ലാ വിഭാഗങ്ങൾക്കുമിടയിൽ ശരിയത്ത് നിയമം ബാധകമാക്കുന്ന വ്യവസ്ഥയാണ് 2-ാം വകുപ്പിലുള്ളത്. ആയതിനാൽ 2-ാം വകുപ്പിന്റെ ആവശ്യത്തിന് ശരിയത്ത് നിയമം ബാധകമാകുന്നതിന് മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ ഒരു ഡിക്ലറേഷന്റെ ആവശ്യമില്ല. എന്നാൽ, ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം Adoption, Will and Legacies എന്നീ വിഷയങ്ങളിൽ ശരിയത്ത് നിയമത്തിന് വിരുദ്ധമായ Customary Law ബാധകമായിട്ടുള്ള ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം തനിക്ക് അപ്രകാരമുള്ള Customary Law -യ്ക്ക് പകരം ശരിയത്തിന്റെ ആനുകൂല്യം ലഭിക്കണമെന്ന് ആഗ്രഹമുള്ളപക്ഷം 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഒരു നിർണ്ണയിക്കപ്പെട്ട അധികാരി മുൻപാകെ അയാൾ തെളിയിക്കുന്നപക്ഷം പ്രസ്തുത അധികാരിയിൽ നിന്ന് ഒരു ഡിക്ലറേഷൻ നേടാവുന്നതാണ് എന്നും 3-ാം വകുപ്പിൽ വ്യക്തമാക്കുന്നു. 3-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള അധികാരിയായി |

| | |
|---|---|
| | തഹസിൽദാരേയും ഡിക്ലറേഷൻ നിരസിക്കുന്ന സംഗതിയിൽ അപ്പീൽ അധികാരിയായി അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിനേയും നിർണ്ണയിച്ചുകൊണ്ടും ഡിക്ലറേഷന്റെ ഫാറവും മറ്റു അനുബന്ധ ആവശ്യങ്ങൾക്കുമായി ടി ആക്റ്റിന്റെ 4-ാം വകുപ്പ് നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ടി ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായ ഫാറം I പ്രകാരം 3-ാം വകുപ്പിന്റെ ആനുകൂല്യം ലഭിക്കേണ്ട ഒരാൾ മുസ്ലീം ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| സി. സത്യവാങ്മൂലം നൽകണമെന്ന വ്യവസ്ഥ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഭേദഗതി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.